## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.15 — 28.05.2019 ൽ മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകൾ

**ചോദ്യം**

ശ്രീ.ടി.എ.അഹമ്മദ് കബീർ
ശ്രീ കെ.എൻ.എ ഖാദർ
ശ്രീ കെ.എം.ഷാജി
ശ്രീ അബ്ദുൽ ഹമീദ് പി

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യയോഗ്യമല്ലാത്ത സാധനങ്ങൾ മാവേലി സ്റ്റോറുകൾ വഴി വില്പന നടത്തുന്നില്ലെന്ന് ഉറപ്പുവരുത്താൻ നിലവിൽ എന്ത് സംവിധാനമാണ് ഉള്ളതെന്ന് വിശദീകരിക്കുമോ; | (എ) | ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിന് കർശനമായ ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ സാമ്പിളുകൾ CFRD/RAL (Regional Analytical Laboratory) മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റഡ് ലാബുകളിൽ നൽകി ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് വില്പനയ്ക്ക് തയ്യാറാക്കുന്നത്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000 / HACCP (Hazardous and Critical Control Point)/ AGMARK/ FSSAI (Food Safety and Standard Authority of India) ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | സബ് സിഡി പ്രകാരം എത്ര തരം ഭക്ഷ്യധാന്യങ്ങളാണ് ഇപ്പോൾ മാവേലി സ്റ്റോറുകൾ വഴി വിതരണം നടത്തുന്നത്; ഇവയുടെ എണ്ണം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഈ വിഷയത്തിൽ കൈക്കൊണ്ട തീരുമാനം അറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുന്ന ഘട്ടത്തിൽ 13 ഇനം സാധനങ്ങളാണ് സബ് സിഡി ഇനത്തിൽ വിതരണം ചെയ്തുകൊണ്ടിരുന്നത്. എന്നാൽ അരിയുടെ വിലയിലുണ്ടായ കുതിച്ചുകയറ്റം ഫലപ്രദമായി തടഞ്ഞുനിർത്തുന്നതിനായി ' ആന്ധ്ര ഇതര ജയ' എന്ന ഇനം അരി കൂടി ഉൾപ്പെടുത്തി ഇത് 14 ഇനമായി ഉയർത്തി. പട്ടിക അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ മാവേലി സ്റ്റോറുകൾ വഴി വില്പന നടത്തുന്ന മിക്കയിനം സാധനങ്ങളുടെയും വില പൊതുവിപണിയിലേതിന് സമാനമായതിനാൽ ഉപഭോക്താക്കൾ മാവേലിസ്റ്റോറുകളെ ആശ്രയിക്കുന്നത് കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ പ്രവണത ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | ഇല്ല. നിലവിൽ പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ നിരക്കിൽ തന്നെയാണ് വില്പനശാലകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തുന്നത്. സബ്സിഡി സാധനങ്ങൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിലും FMCG(Fast Moving Consumer Goods)/ ശബരി ബ്രാൻഡ് ഉത്പന്നങ്ങൾ പൊതുവിപണി വിലയേക്കാൾ/എം .ആർ .പി യെക്കാൾ 5 മുതൽ 30% വരെ വിലക്കുറവിലും വില്പന നടത്തിവരുന്നു. ഗൃഹോപകരണങ്ങൾ, കുപ്പിവെള്ളം മുതലായവയും സപ്ലൈകോ വില്പനശാലകളിലൂടെ ലഭ്യമാകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നമ്പർ | ഇനം |
|---|---|
| 1 | ചെറുപയർ |
| 2 | ഉഴുന്ന് ബോൾ |
| 3 | വൻ കടല |
| 4 | വൻ പയർ |
| 5 | തുവര പരിപ്പ് |
| 6 | മുളക് |
| 7 | മല്ലി |
| 8 | പഞ്ചസാര |
| 9 | വെളിച്ചെണ്ണ |
| 10 | ജയ അരി |
| 11 | കുറുവ അരി |
| 12 | മട്ട അരി |
| 13 | പച്ചരി |
| 14 | ആന്ധ്ര ഇതര ജയ അരി |

**സെക്ഷൻ ഓഫീസർ**